ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 30.06.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ രണ്ടു ദിവസത്തെ ആന്ധ്രാപ്രദേശ് സന്ദർശനത്തിന് ഇന്ന് തുടക്കം.
   **President Droupadi Murmu begins her two-day visit to Andhra Pradesh today.**

2. പെട്രോൾ, ഡീസൽ വിതരണത്തിൽ ഏർപ്പെടുത്തിയിരുന്ന താൽക്കാലിക നിയന്ത്രണങ്ങൾ നാളെ മുതൽ പിൻവലിക്കാൻ തീരുമാനിച്ച് കേന്ദ്ര സർക്കാർ.
   **Centre to withdraw temporary restrictions on sale and distribution of Petrol and Diesel from 1st of July.**

3. ട്രോളിങ്ങ് നിരോധന കാലയളവിൽ മത്സ്യ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യാത്തതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്. ധനസഹായത്തിൻറെ ആദ്യ ഗഡു മൂന്ന് ജില്ലകളിൽ വിതരണം ചെയ്തതായി ഫിഷറീസ് മന്ത്രി.
   **The Opposition staged a walkout in the Kerala Legislative Assembly, protesting the non-distribution of benefits to fishermen during the trawling ban period. Fisheries Minister stated that the first instalment of financial assistance has already been distributed in three districts.**

4. സെൻസസിന്റെ ഭാഗമായുള്ള സെൽഫ് എന്യുമറേഷൻ നടപടികൾക്ക് സംസ്ഥാനത്ത് ഇന്ന് കൂടി അവസരം.
   **The Census self-enumeration process concludes in Kerala today.**

5. അഫ്ഗാനിസ്ഥാനിൽ, പാകിസ്ഥാൻ നടത്തിയ വ്യോമാക്രമണങ്ങളെ ശക്തമായി അപലപിച്ച് ഇന്ത്യ.
   **India has strongly condemned Pakistan's airstrikes in Afghanistan.**

6. ഫിഫാ ലോകകപ്പ് ഫുട്ബോളിൽ നെതർലൻഡ്സിനെ പരാജയപ്പെടുത്തി മൊറോക്കോ.

**Morocco defeated the Netherlands in the FIFA World Cup Football tournament.**

*********************************

## PREZ- AP VISIT

രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ രണ്ടു ദിവസത്തെ ആന്ധ്രാപ്രദേശ് സന്ദർശനത്തിന് ഇന്ന് തുടക്കം. 'സെൻട്രൽ ട്രൈബൽ യൂണിവേഴ്സിറ്റി ഓഫ് ആന്ധ്രാപ്രദേശിന്റെ' പ്രഥമ ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി ഇന്ന് പങ്കെടുക്കും. നാളെ അനന്തപൂരിലുള്ള 'സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് ആന്ധ്രാപ്രദേശിന്റെ' ആദ്യ ബിരുദദാന ചടങ്ങിലും രാഷ്ട്രപതി മുഖ്യാതിഥിയാകും.

*********************************

## PETROLEUM – WITHDRAW RESTRICTIONS

പെട്രോൾ, ഡീസൽ എന്നിവയുടെ വിൽപ്പനയിലും വിതരണത്തിലും ഏർപ്പെടുത്തിയിരുന്ന താൽക്കാലിക നിയന്ത്രണങ്ങൾ നാളെ മുതൽ പിൻവലിക്കാൻ തീരുമാനിച്ച് കേന്ദ്ര സർക്കാർ. പശ്ചിമേഷ്യൻ പ്രതിസന്ധിയെത്തുടർന്ന് ഇന്ധനക്ഷാമം തടയാൻ ലക്ഷ്യമിട്ട് ജൂൺ 12 നാണ് റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തിയത്. ഇതു പ്രകാരം ഒരു ഉപഭോക്താവിന് പ്രതിദിനം പരമാവധി വാങ്ങാനാവുന്ന ഡീസലിൻറെ അളവ് 200 ലിറ്ററായി പരിമിതപ്പെടുത്തിയിരുന്നു. മാറിയ സാഹചര്യത്തിൽ, നിയന്ത്രണങ്ങൾ തുടരേണ്ടതില്ല എന്ന വിലയിരുത്തലിൻറെ അടിസ്ഥാനത്തിലാണ് നടപടി.

*********************************

## WALKOUT -ASSEMBLY (INTRO)

ട്രോളിങ് നിരോധന കാലയളവിൽ മൽസ്യ തൊഴിലാളികൾക്ക് നൽകിവന്നിരുന്ന ആനുകൂല്യങ്ങൾ സംസ്ഥാന സർക്കാർ വിതരണം

ചെയ്യാത്തതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്. പ്രതിപക്ഷത്തു നിന്നും സജി ചെറിയാനാണ് അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയത്. മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന 4500 രൂപ ധനസഹായത്തിലെ ആദ്യ ഗഢുവായ 1500 രൂപ മൂന്ന് ജില്ലകളിൽ വിതരണം ചെയ്തതായും, സൗജന്യ റേഷൻ വിതരണത്തിന് ഉത്തരവ് നൽകിയതായും ഫിഷറീസ് മന്ത്രി വി.ഇ അബ്ദുൾ ഗഫൂർ പറഞ്ഞു.

(ഹോൾഡ്)

മൽസ്യ തൊഴിലാളികൾക്ക് ഒരു കുറവും ഉണ്ടാകാത്ത വിധത്തിൽ സർക്കാർ മുൻഗണന നൽകിവരുന്നതായി മുഖ്യമന്ത്രി വി.ഡി സതീശൻ പറഞ്ഞു. അതേസമയം മത്സ്യത്തൊഴിലാളികൾക്ക് നേരെ കണ്ണിൽ ചോരയില്ലാത്ത നടപടിയാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് സജി ചെറിയാൻ വിമർശനം ഉന്നയിച്ചു.

(ഹോൾഡ്)

അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിച്ചതിന് പിന്നാലെ പ്രതിപക്ഷം സഭ വിട്ടിറങ്ങി. ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യാത്തത് മത്സ്യത്തൊഴിലാളികളെ കൂടുതൽ പ്രതിസന്ധിയിലേക്ക് തള്ളി വിടുന്നതായി പ്രതിപക്ഷ നേതാവ് പിണറായി വിജയൻ വാക്കൗട്ട് പ്രസംഗത്തിൽ പറഞ്ഞു.

*****************************************

## COAS – TENURE CONCLUDE

നാല് പതിറ്റാണ്ടിലേറെ നീണ്ട സേവനത്തിന് ശേഷം ഇന്ത്യൻ കരസേന മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി ഇന്ന് സ്ഥാനം ഒഴിഞ്ഞു. ഉപമേധാവിയായിരുന്ന ജനറൽ ധീരജ് സേത്താണ് കരസേനയുടെ പുതിയ മേധാവി. ഇന്ത്യൻ സൈന്യത്തിന്റെ ശക്തി വ്യക്തികേന്ദ്രീകൃതമല്ലെന്നും സൈനികരും കമാൻഡർമാരും രാജ്യത്തെ പൗരന്മാരും അർപ്പിക്കുന്ന അടിയുറച്ച വിശ്വാസമാണ്

സേനയുടെ കരുത്തെന്നും ജനറൽ ഉപേന്ദ്ര ദ്വിവേദി പറഞ്ഞു . ജനറൽ ധീരജ് സേത്തിൻറെ നേതൃത്വത്തിൽ സൈന്യം കൂടുതൽ ഉയരങ്ങളിലെത്തുമെന്നും അദ്ദേഹം പ്രത്യാശ പങ്കുവച്ചു.

********************************

## INDIA – PAK – AFGHAN

അഫ്ഗാനിസ്ഥാനിൽ പാകിസ്ഥാൻ നടത്തിയ വ്യോമാക്രമണങ്ങളെ ശക്തമായി അപലപിച്ച് ഇന്ത്യ. സ്ത്രീകളും കുട്ടികളും ഉൾപ്പെടെ നിരവധി സാധാരണക്കാർക്ക് ജീവൻ നഷ്ടപ്പെടാൻ ഇടയാക്കിയ പാക് നടപടി, അഫ്ഗാനിസ്ഥാന്റെ പരമാധികാരത്തിനു നേരെയുള്ള കടന്നുകയറ്റമാണെന്ന് വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

********************************

## REV. DELHI – EV POLICY

ഡൽഹിയെ വായുമലിനീകരണത്തിൽ നിന്ന് മുക്തമാക്കാൻ ലക്ഷ്യമിട്ട് പുതിയ ഇലക്ട്രിക് വാഹന നയത്തിന് അംഗീകാരം നൽകി ഡൽഹി സർക്കാർ. നാളെ മുതൽ പ്രാബല്യത്തിൽ വരുന്ന പുതിയ നയപ്രകാരം മുപ്പത് ലക്ഷം രൂപ വരെയുള്ള ഇലക്ട്രിക് കാറുകൾക്ക് രജിസ്ട്രേഷൻ ഫീസും റോഡ് നികുതിയും പൂർണ്ണമായും ഒഴിവാക്കി. പഴയ വാഹനങ്ങൾ പൊളിച്ച് പുതിയ ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നവർക്ക് ഒരു ലക്ഷം രൂപ ഇൻസെന്റീവ് ലഭിക്കും. 2028 ഏപ്രിൽ മുതൽ ഇലക്ട്രിക് ഇരുചക്ര വാഹനങ്ങൾ മാത്രമേ ഡൽഹിയിൽ രജിസ്റ്റർ ചെയ്യാനാവൂ എന്നും നിർദ്ദേശമുണ്ട്.

********************************

ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

(ബ്രേക്ക്)

********************************

## BANGLADESHI – ARRESTED

കോഴിക്കോട് മാവൂരിൽ ജോലിക്കായി എത്തിയ 3 ബംഗ്ലാദേശി പൗരൻമാർ പോലീസ് പിടിയിൽ. അനധികൃതമായി രാജ്യത്ത് തങ്ങിയതിന് ഇവർക്കെതിരെ ഇമിഗ്രേഷൻ ആൻറ് ഫോറിനേഴ്സ് ആക്ട് പ്രകാരം മാവൂർ പോലീസ് കേസെടുത്തു. വരും ദിവസങ്ങളിലും ഊർജിതമായ പരിശോധനകൾ മാവൂർ മേഖലയിൽ നടത്തുമെന്ന് പോലീസ് അറിയിച്ചു.

*********************************

## WB-UCC

പശ്ചിമ ബംഗാളിൽ ഏകീകൃത സിവിൽ കോഡ് നടപ്പാക്കുമെന്ന് മുഖ്യമന്ത്രി സുവേന്ദു അധികാരി. അടുത്തമാസം 2 ന് നടക്കുന്ന മന്ത്രിസഭാ യോഗത്തിൽ ബിൽ സംബന്ധിച്ച കരട് നിർദ്ദേശം അവതരിപ്പിക്കുമെന്ന് മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞു. ഗുജറാത്ത്, ഉത്തരാഖണ്ഡ്, അസം എന്നീ സംസ്ഥാനങ്ങളുടെ മാതൃക പിന്തുടർന്നായിരിക്കും തുടർനടപടികളെന്നും സുവേന്ദു അധികാരി വ്യക്തമാക്കി .

*********************************

## SELF ENUMERATION (INTRO)

ദേശീയ സെൻസസിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് സ്വന്തം വിവരങ്ങൾ സ്വമേധയാ നൽകാൻ കഴിയുന്ന സെൻഫ് എന്യുമറേഷൻ നടപടികൾക്ക് ഇന്ന് കൂടി അവസരം.. ജൂലൈ ഒന്ന് മുതൽ പ്രത്യേകം നിയോഗിക്കപ്പെട്ട സെൻസസ് എന്യുമറേറ്റർമാർ ഓരോ വീടുകളിലുമെത്തി വിവര ശേഖരണം ആരംഭിക്കും. **വിശദാംശങ്ങളിലേക്ക്.......**

(വോയ്സ്)

കേരളത്തിലെ സെൽഫ് എന്യുമറേഷൻ സൗകര്യത്തിനുള്ള സമയപരിധി ഇന്ന് രാത്രി 12 മണിയോടെ അവസാനിക്കും. സ്വന്തം

വീടിന്റെയും കുടുംബാംഗങ്ങളുടെയും വിവരങ്ങൾ സ്വന്തമായി തന്നെ രേഖപ്പെടുത്താൻ അവസരമൊരുക്കുന്ന സെൽഫ് എന്യുമറേഷൻ നിരവധിപ്പേർ ഇതിനോടകം തന്നെ പൂർത്തിയാക്കി ക്കഴിഞ്ഞു. se.census.gov.in എന്ന പോർട്ടലിൽ ലോഗിൻ ചെയ്താണ് വിവരങ്ങൾ നൽകേണ്ടത്. മൊബൈൽ ഫോണിൽ നിന്ന് തന്നെ നടപടികൾ പൂർത്തിയാക്കാം. ഇതിനായി ആദ്യം സംസ്ഥാനം തിരഞ്ഞെടുത്ത ശേഷം, ഗൃഹനാഥന്റെയോ ഗൃഹനാഥയുടെയോ പേരും മൊബൈൽ ഫോൺ നമ്പരും നൽകണം. 34 ചോദ്യങ്ങളാണ് സെൻസസ് വിവരശേഖരണത്തിന്റെ ഭാഗമായുള്ളത്. ഇവ നൽകിക്കഴിഞ്ഞ ശേഷം ലഭിക്കുന്ന സെൽഫ് എന്യുമറേഷൻ ഐ.ഡി വീട്ടിൽ സെൻസസ് ഉദ്യോഗസ്ഥർ വിവരശേഖരണത്തിന് എത്തുമ്പോൾ നൽകിയാൽ മതിയാവും. ന്യൂസ് ഡസ്ക്, ആകാശവാണി…

***********************************

## REV. GREECE– UPI

ഗ്രീസിൽ നിന്ന് ഇന്ത്യയിലേക്കുള്ള പണമിടപാടുകൾക്കായി യുപിഐ സേവനം ആരംഭിച്ച് യൂറോബാങ്ക്. നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇന്ത്യയുടെ ഡിജിറ്റൽ പേയ്മെന്റ് സംവിധാനം ആഗോള തലത്തിൽ വ്യാപിക്കുന്നതിലെ സുപ്രധാന നാഴികക്കല്ലാണിത് എന്ന് വാണിജ്യ കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ പറഞ്ഞു.

***********************************

## BRICS WOMEN MEETING

ഇന്ത്യയുടെ അധ്യക്ഷതയിലുള്ള ബ്രിക്സ് വനിതാ ട്രാക്കിന്റെ മൂന്നാമത് മുന്നൊരുക്ക യോഗം ന്യൂഡൽഹിയിൽ വെർച്വലായി ചേർന്നു. ബ്രിക്സ് വനിതാ പ്രവർത്തക സമിതി-വനിതാ മന്ത്രിതല യോഗങ്ങൾ അടുത്ത മാസം 6 മുതൽ കൊച്ചിയിൽ ചേരുന്നതിന്റെ ഭാഗമായാണ് യോഗം നടന്നത്. വനിതാ ട്രാക്കിന് കീഴിൽ

ഇന്ത്യ കൈവരിച്ച പുരോഗതിയെ അഭിനന്ദിച്ച അംഗരാജ്യങ്ങൾ സ്ത്രീ ശാക്തീകരണത്തിൽ സഹകരണം ഉറപ്പു നൽകി.

*********************************

## FIFA WORLD CUP

ഫിഫാ ലോകകപ്പ് ഫുട്ബോൾ നോക്ക് ഔട്ട് മത്സരത്തിൽ നെതർലൻഡ്സിനെ പരാജയപ്പെടുത്തി മൊറോക്കോ. പെനാൽറ്റി ഷൂട്ടൗട്ടിൽ 3-2 നാണ് മൊറോക്കോയുടെ വിജയം. ഇന്നലെ രാത്രി നടന്ന മത്സരങ്ങളിൽ ബ്രസീൽ ജപ്പാനെയും, പരാഗ്വേ, ജർമ്മനിയെയും പരാജയപ്പെടുത്തി പ്രീ ക്വാർട്ടറിൽ കടന്നു. ഇന്ന് രാത്രി 10.30 നുള്ള മത്സരത്തിൽ ഐവറി കോസ്റ്റ് നോർവേയെ നേരിടും. രാത്രി 2.30 നാണ് ഫ്രാൻസ്-സ്വീഡൻ പോരാട്ടം. നാളെ പുലർച്ചെ 6.30 നാണ് മെക്സിക്കോ-ഇക്വഡോർ മത്സരം.

*********************************

## RAIN – KERALA

സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ ഇന്നും മഴ ശക്തമായി തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. പത്തനംതിട്ട മുതൽ വയനാട് വരെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. അതേസമയം തെക്കൻ ജില്ലകളിൽ ഇന്നു മഴയുടെ ശക്തി കുറയും. കേരളം-ലക്ഷദ്വീപ് തീരങ്ങളിൽ വ്യാഴാഴ്ച വരെയും കർണാടക തീരത്ത് വെള്ളിയാഴ്ച വരെയും മത്സ്യ ബന്ധനത്തിന് വിലക്കേർപ്പെടുത്തി.

*********************************

## ICG RESCUE OPERATION

മംഗളൂരു തീരത്ത് അപകടത്തിൽപെട്ട മൽസ്യബന്ധന ബോട്ടിൽ നിന്ന് ആറ് പേരെ തീര സംരക്ഷണ സേനയുടെ കപ്പലായ സച്ചേത്

രക്ഷപെടുത്തി .മോശം കാലാവസ്ഥയെ തുടർന്ന് 'മഞ്ജു മാത' എന്ന മത്സ്യബന്ധന ബോട്ടാണ് അപകടത്തിൽപെട്ടത് .

*******************************

## BIRLA – PARLIAMENTARISM DAY

അന്താരാഷ്ട്ര പാർലമെന്ററി ദിനത്തിൽ ലോകമെമ്പാടുമുള്ള ജനപ്രതിനിധികൾക്കും ജനാധിപത്യ സ്ഥാപനങ്ങൾക്കും ആശംസകൾ നേർന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള . ജനവിശ്വാസത്തിന്റെയും പൗരാവകാശങ്ങളുടെയും പരമോന്നത വേദിയാണ് പാർലമെൻറ് എന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

*******************************

## DELHI SIR – PHASE III

തീവ്ര വോട്ടർപട്ടിക പരിഷ്കരണം മൂന്നാം ഘട്ടത്തിന്റെ ഭാഗമായി ഡൽഹിയിൽ എന്യുമെറേഷൻ ഫോമുകളുടെ വിതരണം ഇന്ന് ആരംഭിക്കും. ഇന്ന് തുടങ്ങി അടുത്ത മാസം 29 വരെ ബൂത്ത് ലെവൽ ഓഫീസർമാർ എല്ലാ വീടുകളിലും സന്ദർശിച്ച് ഫോമുകൾ വിതരണം ചെയ്യും . അന്തിമ വോട്ടർ പട്ടിക ഒക്ടോബർ 7 ന് പ്രസിദ്ധീകരിക്കും.

*******************************

## FILM INDUSTRY – BOOST

ഇന്ത്യൻ സിനിമ നേരിടുന്ന അവസരങ്ങളെയും വെല്ലുവിളികളെയും കുറിച്ച് പഠിക്കാൻ ഉന്നതതലസമിതിക്കു രൂപം നൽകി കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം. കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവിന്റെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ ചേർന്ന ഉന്നതതല യോഗത്തിലാണ് തീരുമാനം. പ്രസാർ ഭാരതി ചെയർമാൻ പ്രസൂൺ ജോഷിയുടെ നേതൃത്വത്തിലുള്ള സമിതി ഇന്ത്യൻ സിനിമയുടെ ഭാവി സാധ്യതകളും വെല്ലുവിളികളും പഠിക്കും.

**************************************************************************************